**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4166** **09-08-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിലെ ഉയർന്ന പ്രായപരിധിയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 അധ്യയനവർഷം എല്ലാ യോഗ്യതയും നേടി എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം കാത്തിരുന്ന നിരവധി ഉദ്യോഗാർത്ഥികൾക്ക് കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിയമനങ്ങൾ നടക്കാതെ വന്നതിനാൽ പ്രായപരിധി കഴിഞ്ഞതായ പ്രശ്നം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിൽ ഈ പ്രശ്നം പരിഹരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 അധ്യയന വർഷം നിയമനം ലഭിച്ചവർക്ക് കോവിഡ് - 19 കാരണം നിയമനാംഗീകാരം ലഭിക്കാതെപോയ അധ്യാപകർക്ക് വയസ്സിളവ് നൽകണമെന്ന ആവശ്യം പരിശോധിച്ച വരുന്നു. |
| (ബി) | 2021-22 നടപ്പ വർഷം നിയമനങ്ങൾ നടക്കുമ്പോൾ അദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡത്തിലെ ഉയർന്ന പ്രായപരിധിയായ നാൽപ്പത് വയസ്സ് പൂർത്തിയായി കഴിഞ്ഞതിനാൽ ഇവരെ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നില്ല എന്ന പ്രശ്നം പരിഹരിക്കുന്നതിനായി അനുഭാവപൂർണമായ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 അധ്യയന വർഷം നിയമനം ലഭിച്ചവർക്ക് കോവിഡ് - 19 കാരണം നിയമനാംഗീകാരം ലഭിക്കാതെപോയ അധ്യാപകർക്ക് വയസ്സിളവ് നൽകണമെന്ന ആവശ്യം പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ